


31/12/2019,
തിരുവനന്തപുരം.

സഖാക്കളേ, സുഹൃത്തുക്കളേ,

മോദിസർക്കാരിന്റെ തൊഴിലാളി വിരുദ്ധ ദേശവിരുദ്ധ നയങ്ങൾക്കെതിരെ കേന്ദ്ര തൊഴിലാളി സംഘടനകളുടെ സംയുക്തവേദിയും ബാങ്കിംഗ് – ഇൻഷുറൻസ് ജീവനക്കാരും, കേന്ദ്ര – സംസ്ഥാന സർക്കാർ – പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും അധ്യാപകരും ചേർന്ന് 2020 ജനുവരി 8 ന് ദേശീയ പണിമുടക്കം നടത്തുന്നു. രാജ്യത്തെ കർഷകരും യുവാക്കളും വിദ്യാർത്ഥികളും ഈ പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രക്ഷോഭ സമരങ്ങൾ നടത്തി വരികയാണ്.

ഒന്നാം മോദി സർക്കാർ നടപ്പാക്കാൻ മടിച്ചു നിന്ന പല ജനവിരുദ്ധ നയങ്ങളും രണ്ടാം മോദി സർക്കാർ അതിവേഗം നടപ്പാക്കുകയാണ്. രാജ്യത്തെ തന്ത്രപ്രധാന മേഖലയിൽ പ്രവർത്തിക്കുന്നതും ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ മഹാരത്ന, മിനിരത്ന കമ്പനികൾ അടക്കമുള്ള പൊതുമേഖല സ്ഥാപനങ്ങൾ വില്പനയ്ക്കു വെച്ചിരിക്കുകയാണ്. ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ ലൈഫ് കെയർ ഉൾപ്പെടെ കേരളത്തിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഈ പട്ടികയിലുണ്ട്. വൈദ്യുതി മേഖലയിലും, റെയിൽവേയിലും ഘട്ടം ഘട്ടമായി സ്വകാര്യവൽക്കരണം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനായി കൊണ്ടു വന്ന 44 തൊഴിൽ നിയമങ്ങളെ ഭേദഗതി ചെയ്ത് 4 ലേബർ കോഡുകളാക്കുന്നു. പുതിയ നിയമങ്ങൾ നിലവിൽ വരുന്നതോടെ തൊഴിലാളി സംഘടന രൂപീകരിക്കുന്നതിനും കൂട്ടായി വിലപേശുന്നതിനും നിയന്ത്രണം വരും. ഒരുദിവസം പണി മുടക്കിയാൽ 8 ദിവസത്തെ വേതനം തടയുന്നത് ഉൾപ്പെടെയുള്ള കടുത്ത തൊഴിലാളിദ്രോഹ വ്യവസ്ഥകളാണ് പുതിയ നിയമത്തിലുള്ളത്.

രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ്. നോട്ട് നിരോധനവും ജി.എസ്.ടി യും നാടിന്റെ നട്ടെല്ല് തകർത്തു. തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിൽ എത്തിയിരിക്കുന്നു. കാർഷിക, വ്യാവസായിക, സേവനമേഖലകളുടെ തകർച്ചമൂലം പതിനായിരങ്ങൾക്കാണ് ദിനംപ്രതി തൊഴിൽ നഷ്ടമാകുന്നത്. ലോകപട്ടിണി സൂചികയിൽ

102-ാം സ്ഥാനത്തേയ്ക്കും UNDP മാനുഷിക വികസനസൂചികയിൽ 129-ാം സ്ഥാനത്തേയ്ക്കും ഇന്ത്യ പിന്തള്ളപ്പെട്ടു. ജനങ്ങളുടെ വാങ്ങൽ ശേഷി കുറയുകയാണ്. അഞ്ച് രൂപയുടെ ബിസ്ക്കറ്റ് പോലും വിറ്റുപോകുന്നില്ലെന്ന് Parle കമ്പനി പറയുമ്പോൾ ചിത്രം വ്യക്തമാണ്. തൊഴിൽനഷ്ടവും ദാരിദ്ര്യവും മൂലം ഉയർന്നുവരുന്ന ജനകീയ പ്രതിഷേധത്തിൽനിന്നും ശ്രദ്ധ തിരിച്ചുവിടുന്നതിനും മത-സാമുദായിക-പ്രാദേശിക ചിന്തകൾക്ക് അതീതമായി ഉയർന്നുവരുന്ന തൊഴിലാളിവർഗ്ഗ ഐക്യം തകർക്കുന്നതിനും വേണ്ടിയാണ് സങ്കുചിത വികാരങ്ങൾ ഉണർത്തുന്ന നിയമനിർമ്മാണങ്ങൾ നടത്തുന്നത്. ''ദേശീയ പൗരത്വ രജിസ്റ്റർ, പൗരത്വ ഭേദഗതിബിൽ, ഒരു രാജ്യം – ഒരു ഭാഷ'' തുടങ്ങിയവ ഇതിൽപെടും. ജമ്മുകാശ്മീരിന്റെ പ്രത്യേക പദവി എടുത്ത് കളഞ്ഞതും വിവരാവകാശ നിയമം, UAPA നിയമം, NIA നിയമം എന്നിവയുടെ ഭേദഗതികൾ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയതും ജനാധിപത്യ മര്യാദകൾ ലംഘിച്ചാണ്. നിയമനിർമ്മാണസഭകളെയും, നീതിന്യായവ്യവസ്ഥിതിയെയും, ഭരണ സംവിധാനങ്ങളെയും തങ്ങളുടെ അജണ്ടയ്ക്കു അനുസരിച്ച് പ്രവർത്തിപ്പിക്കാനാണ് ബിജെപി – ആർഎസ്എസ് കേന്ദ്രങ്ങൾ ശ്രമിക്കുന്നത്. ഇത് നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയ്ക്കും ദേശീയ ഐക്യത്തിനും കനത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വില്പന അവസാനിപ്പിക്കുക, റെയിൽവെ സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക, സാർവ്വത്രിക സാമൂഹ്യ സുരക്ഷ പദ്ധതി നടപ്പാക്കുക, പ്രതിരോധമേഖലയിൽ വിദേശ നിക്ഷേപം അനുവദിക്കാതിരിക്കുക, തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക, തൊഴിലവസരം വർദ്ധിപ്പിക്കുക, എല്ലാവർക്കും ശമ്പളത്തിന്റെ ആനുപാതികമായി ബോണസ് നൽകുക, തൊഴിൽ സംഘടനയ്ക്ക് അംഗീകാരം നൽകുവാൻ 45 ദിവസത്തിനുള്ളിൽ കേന്ദ്ര സർക്കാർ തയ്യാറാവുക, സ്ഥിരം തൊഴിൽ അവസാനിപ്പിച്ച് നിശ്ചിതകാല തൊഴിൽ സമ്പ്രദായം കൊണ്ടുവരുന്നത് പിൻവലിക്കുക, കരാർ തൊഴിൽ സമ്പ്രദായം അവസാനിപ്പിക്കുക, മിനിമം വേതനം 21000 രൂപയാക്കുക, മിനിമം പെൻഷൻ 10,000 രൂപയാക്കുക, കർഷകരുടെ വായ്പ ബാദ്ധ്യത എഴുതിതള്ളുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ദേശീയ പണിമുടക്കം നടത്തുന്നത്. 2019 ജനുവരി 8, 9 തീയതികളിൽ സമാന ആവശ്യങ്ങൾ ഉന്നയിച്ച് 48 മണിക്കൂർ പണിമുടക്ക് നടത്തിയെങ്കിലും ഇത് അംഗീകരിച്ച് തരുന്നതിനോ, തൊഴിലാളി സംഘടനകളുമായി ചർച്ചചെയ്യുന്നതിനോ മോദിസർക്കാർ തയ്യാറാകുന്നില്ല. രാജ്യതാത്പര്യവും മതനിരപേക്ഷ മൂല്യവും, തൊഴിലാളിതാത്പര്യങ്ങളും സംരക്ഷിക്കുന്നതിന് പണിമുടക്ക് അനിവാര്യമായിരിക്കുന്നു. 2020 ജനുവരി 8 ന് നടക്കുന്ന ദേശീയ പണിമുടക്കത്തിൽ കെ.എസ്.എഫ്.ഇ.യിലെ മുഴുവൻ ജീവനക്കാരും ഏജന്റുമാരും അപ്രൈസർമാരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
**KSFE SA (CITU)**

**ജി. തോമസ് പണിക്കർ**
ജനറൽ സെക്രട്ടറി
**KSFEOU**

**എം.സി. സുനിൽകുമാർ**
ജനറൽ സെക്രട്ടറി
**KSFEAA (CITU)**

**ആർ. ആനന്ദസ്വാമി**
ജനറൽ സെക്രട്ടറി
**KSFE GAA (CITU)**

G.V.Printers BLPM #2400516